## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3917 — 19.03.2018 ലെ മറുപടിയ്ക്ക്

### സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടെക്നോളജി ബിസിനസ്സ് ഇൻകൂബേഷൻ സെന്ററുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>'' സി.കെ. നാണു<br>'' കോവൂർ കുഞ്ഞുമോൻ<br>'' കെ.ബി. ഗണേഷ് കുമാർ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | ബിരുദ/ഡിപ്ലോമ പാഠ്യ പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനും, നൂതന സാങ്കേതിക വിദ്യയിലുള്ള പരിശീലനം ആർജ്ജിക്കുന്നതിനും, ആധുനിക വ്യാവസായിക സംരംഭത്തിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് വെല്ലുവിളികൾ നേരിടുന്നതിന് സജ്ജരാക്കുന്നതിനും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.<br>സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് അവർക്കാവശ്യമായ മേഖലകളിൽ സാങ്കേതിക വിദ്യയുടെ സഹായവും അനുയോജ്യമായ സാങ്കേതിക വിദ്യ തെരഞ്ഞെടുക്കുന്നതിനുള്ള ഉപദേശവും നൽകുക, വിദ്യാർത്ഥികൾക്കും പൂർവ വിദ്യാർത്ഥികൾക്കും സംരംഭകത്വം തുടങ്ങുന്നതിനു വേണ്ട സാങ്കേതിക സഹായങ്ങൾ നൽകുക എന്നിവയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |

| | | |
|---|---|---|
| (സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; | (സി) | മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ് (എംഎസ്എംഇ), ഭാരത സർക്കാർ, കേരള സ്റ്റാർട്ടപ്പ് മിഷൻ, മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്പ്മെന്റ് എന്റർപ്രെണർഷിപ്പ് (എംഎസ്ഡിഇ), ഭാരത സർക്കാർ തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നാണ് ടെക്നോളജി ബിസിനസ് ഇൻകുബേറ്ററുകൾക്ക് സഹായം ലഭ്യമാകുന്നത്.<br>വിദ്യാർത്ഥികൾ, പൂർവവിദ്യാർത്ഥികൾ, അധ്യാപകർ, അനധ്യാപകർ, തൊഴിൽമേഖലയിൽ നിന്നുള്ളവർ, പൊതു ജനങ്ങൾ എന്നിവർക്ക് പദ്ധതിയുമായി സഹകരിക്കാവുന്നതുമാണ്. |
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകളുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ എൺപത് ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹിൽ, തിരുവനന്തപുരം, രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം, എന്നിവിടങ്ങളിലും തൃശ്ശൂർ, ശ്രീകൃഷ്ണപുരം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, കടുത്തുരുത്തി, കളമശ്ശേരി, തൃപ്രയാർ, നെടുപുഴ എന്നീ സർക്കാർ പോളിടെക്നിക്ക് കോളേജുകളിലും കളമശ്ശേരി സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്റർ എന്നിവിടങ്ങളിലും നിലവിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ